# കേരള സർവകലാശാല

നം.പി.ആർ.86/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

### സെനറ്റ്: പ്രത്യേക യോഗം

കേരള സർവകലാശാല സെനറ്റിന്റെ ഒരു പ്രത്യേക യോഗം മേയ് രിന് രാവിലെ 10 മണിക്ക് നടക്കും. വൈസ്-ചാൻസലർ നിയമനത്തിന് പേരുകൾ ശുപാർശച്ചെയ്യാനുള്ള സമിതിയിലേക്കുള്ള സെനറ്റിന്റെ പ്രതിനിധിയെ തിരഞ്ഞെടുക്കാനാണ് യോഗം.

### അക്കാഡമിക് കൗൺസിൽ യോഗം

കേരള സർവകലാശാല അക്കാഡമിക് കൗൺസിൽ യോഗം മേയ് 20, 21 തീയതികളിൽ രാവിലെ 10 മണിക്ക് സെനറ്റ് ചേമ്പറിൽ നടക്കും. പ്രമേയങ്ങൾ ഏപ്രിൽ 29 ന് വൈകിട്ട് നാല് മണിക്ക് മുൻപ് രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കേ താണ്.

### എം.ബി.എ.: പ്രവേശനപരീക്ഷ

കേരള സർവകലാശാല എം.ബി.എ.പ്രവേശനപരീക്ഷ 2008 (കെ.യു.-സി.എ.റ്റി.2008) മേയ് മൂന്നിന് രാവിലെ 9.30 ന് തിരുവനന്തപുരം ഗവ.ആർട്സ് കോളേജ്, ആലപ്പുഴ, വാടയ്ക്കൽ, ഐ.എം.കെ.സെന്റർ., തൃശ്ശൂർ വിമലാ കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടത്തും.

### എം.ബി.എ. പരീക്ഷ

കേരള സർവകലാശാല 2008 മേയ് 16 ന് നടത്തുന്ന ഫൈനൽ സെമസ്റ്റർ എം.ബി.എ പരീക്ഷക്ക് (2006 - 2008 സി.എസ്.എസ്) പിഴകൂടാതെ ഏപ്രിൽ 28 (50 രൂപ പിഴയോടെ ഏപ്രിൽ 30) വരെ അപേക്ഷിക്കാം.

### എം.ടെക്ക്- മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല 1992, 1998 എന്നീ സ്കീമുകളിൽ എം.ടെക് പരീക്ഷ എഴുതി തോറ്റവിദ്യാർത്ഥികൾക്ക് വീും പരീക്ഷ എഴുതാൻ ഒരു അവസരം കൂടി അനുവദിച്ചു. പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേയ് അഞ്ചിന് മുൻപ് അപേക്ഷിക്കണം. ഫീസ് 1000 രൂപ.

### എം.എസ്സി മാത്സ് പ്രബന്ധം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന രാംവർഷ എം.എസ്സി മാത്സ് വിദ്യാർത്ഥികൾക്ക്, ഡെസർട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 31.

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല 2007 ഒക്ടോബറിലെ ബി.എസ്സി സബ്സിഡിയറി പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 28 ന് ആരംഭിക്കും. എല്ലാ തീയറി പരീക്ഷാകേന്ദ്രങ്ങളും പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങളല്ല. വിശദമായ ടൈംടേബിൾ തിയറി പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കും.

## എം.ബി.ബി.എസ് : സി.വി.ക്യാമ്പ് ഫീസ്

കേരള സർവകലാശാല 2008 മേയിൽ നത്തുന്ന രാം വർഷ പ്രൊഫഷണൽ എം.ബി.ബി.എസ്. പരീക്ഷാഫീസിനോടൊപ്പം അടക്കേ സി.വി.ക്യാമ്പ് ഫീസ് 300 രൂപയാണ്.

## എൽ.എൽ.എം.: റ്റീച്ചിംഗ് പ്രാക്ടിക്കൽ

കേരള സർവകലാശാല 2008 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ റ്റീച്ചിംഗ് പ്രാക്ടിക്കൽ താഴെപറയുന്ന പ്രകാരം നടത്തുന്നതാണ്. ഏപ്രിൽ 24 ന് രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ തിരുവനന്തപുരം കേരള ലാ അക്കാഡമി ലാ കോളേജ്., 25 ന് രാവിലെ 10 മുതൽ വൈകുന്നേരം നാലുമണിവരെ തിരുവനന്തപുരം ഗവ: ലാ കോളേജ്.

## സാംസ്കാരിക വിദ്യാഭ്യാസ വിനിമയ പദ്ധതി

യു.ജി.സി.യുടെ വിദ്യാഭ്യാസ സാംസ്കാരിക വിനിമയ പദ്ധതിപ്രകാരം പഠനത്തിനും ലെക്ചറിനുമായി വിദേശ രാജ്യങ്ങൾ സന്ദർശിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സർവകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സന്ദർശനകാലത്ത് പൂർണ്ണ ശമ്പളവും അലവൻസും ലഭിക്കും. യാത്രാച്ചെലവ് യു.ജി.സി.യും താമസച്ചെലവ് ആതിഥേയരാജ്യവും വഹിക്കും. ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഈ സൗകര്യം പ്രയോജനപ്പെടുത്താത്ത അദ്ധ്യാപകർക്ക് അപേക്ഷിക്കാം. അവസാന തീയതി ഏപ്രിൽ 30. കൂടുതൽ വിവരം കേരള സർവകലാശാല കോളേജ് ഡെവലപ്പ്മെന്റ് കൗൺസിൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് ലഭിക്കും. ഫോൺ: 0471 – 2306422. എക്സ്റ്റെൻഷൻ 252.

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം**
21.04.2008

**എസ്.ഡി.പ്രിൻസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

---